**മത്സര ഇനങ്ങൾ: 01. പ്രബന്ധം – വിഷയം :** 'അഭി.ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനിയുടെ ആത്മീയ ദർശനങ്ങൾ', **വിഭാഗം:** 15 വയസ്സ് മുതൽ 45 വയസ്സ് വരെയുള്ള എല്ലാ സ്ത്രീ പുരുഷന്മാർക്കും, **തീയതി:** ആഗസ്റ്റ് മാസം 19–ാം തീയതിക്കുള്ളിൽ നടത്തേണ്ടതാണ്.

**02. ജൂബിലി ഗാനരചന – വിഷയം :** അഭി.തിരുമനസ്സിന്റെ ജൂബിലിയുമായി ബന്ധപ്പെട്ടായിരിക്കണം, **വിഭാഗം:** 15 വയസ്സ് മുതൽ എല്ലാ സ്ത്രീ പുരുഷന്മാർക്കും, **തീയതി:** ആഗസ്റ്റ് മാസം 19–ാം തീയതിക്കുള്ളിൽ നടത്തേണ്ടതാണ്.

● പ്രബന്ധ മത്സരം ഇടവക വികാരിയുടെയോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന വ്യക്തിയുടെയോ മേൽ നോട്ടത്തിൽ നടത്തേണ്ടതാണ്. ● പ്രബന്ധങ്ങൾ 1000–1500 വാക്കുകളിൽ കൂടുവാൻ പാടുള്ളതല്ല. സമ്മാനാർഹമായ പ്രബന്ധങ്ങൾ സീയോൻ സന്ദേശത്തിൽ പ്രസിദ്ധികരിക്കുന്നതാണ്. ● ഗാന രചനയിൽ ചരണമായി 2 വരികളും തുടർന്ന് 4 വരികളുള്ള 2 സ്റ്റാൻസയും അടക്കം 10 വരികളിൽ കൂടുവാൻ പാടില്ല. ● തെരെഞ്ഞെടുക്കപ്പെടുന്ന ഗാനം സെപ്തംബർ 9–ാം തീയതി നടക്കുന്ന പ്രോഗ്രാമിൽ ജൂബിലി ഗാനമായി ആലപിക്കുന്നതാണ്. ● മത്സരാർത്ഥികളുടെ പ്രബന്ധങ്ങളും ഗാനരചനകളും അവരവരുടെ ഇടവകകളിൽ 2018 ആഗസ്റ്റ് 23–ാം തീയതിക്കുള്ളിൽ മെത്രാസന ഓഫീസിൽ ലഭിക്കത്തക്കവണ്ണം അയച്ചു തരേണ്ടതാണ്. ● മത്സരാർത്ഥികളുടെ പേരും, അഡ്രസ്സും, ഫോൺ നമ്പറും, ഇടവകയുടെ പേരും പൂർണ്ണമായും എഴുതിയിരിക്കേണ്ടതാണ്. **കൂടുതൽ വിവരങ്ങൾക്ക്** റവ ഫാ. അലക്സ് പി. ജോർജ്: 9495036433, റവ ഫാ. ജോബ് ഡേവിസ്: 9447775950, റവ ഫാ. പോൾ ജോർജ്: 9539697370 ■

## സ്നേഹനിധി സ്കോളർഷിപ്പ് വിതരണം

ഭാഗ്യസ്മരണാർഹനായ ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ ഓർമ്മക്കായി ആരംഭിച്ച സ്കോളർഷിപ്പ് വിതരണം **ആഗസ്റ്റ് മാസം 12–ാം തീയതി** ഞായറാഴ്ച എറണാകുളം സെൻറ് മേരീസ് കത്തീഡ്രലിൽ നടത്തപ്പെടും. തിരുമേനിയെക്കുറിച്ചുള്ള അനുഗ്രഹ പ്രഭാഷണം അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ചിട്ടുള്ള ബഹു. ഒ. വി. ഏലിയാസ് അച്ചൻ നിർവ്വഹിക്കുന്നതായിരിക്കും.

## പ്രാർത്ഥനാ യോഗങ്ങൾ

**St. George Unit (Kaloor Area) 05-08-2018 - 4 pm**
**ശ്രീ. ജോർജ് തോമസ്**
C 3 ശരണ്യ അപ്പാർട്മെന്റ്
പുതിയ റോഡ്, ചാക്കാലപ്പാടം റോഡ്
കലൂർ, കൊച്ചി–17
ഫോ : 9544329154

**St. Marys Unit (Central Area)12-08-2018 - 4 pm**
**ശ്രീ. ബിജോയ് കോശി ജോർജ്**
7 F ചാക്കോളാസ് വാട്ടർ സ്കെയ്റ്റ്സ്
പണ്ഡിറ്റ് കറുപ്പൻ റോഡ്
തേവര ഫെറി, കൊച്ചി–13
ഫോ : 9633306057

*(ഇടയലേഖനം തുടർച്ച)*

ണല്ലോ. അവൻ നമ്മെ അടിച്ചാലും, മുറിവുകെട്ടി, ആശ്വസിപ്പിക്കുവാനാണെന്ന് ഹോശയ്യാ മുഖാന്തിരം പരിശുദ്ധാത്മാവ് പറയുന്നു. ഗുരുവിനെ തള്ളിപ്പറഞ്ഞ ശീമോൻ പത്രോസ് പറഞ്ഞുതരുന്ന പാഠവും മറ്റൊന്നല്ല. കണ്ണുനീരോടെയുള്ള പ്രാർത്ഥന, ഹിസ്ക്കീയ രാജാവിന്റെ പ്രാർത്ഥന പോലെ സ്വീകാര്യമായിരിക്കും. ദൈവത്തെ അഭയം പ്രാപിക്കാതെ, മറ്റു പ്രായോഗിക പ്രതിവിധികൾ ബുദ്ധിപരമായി പ്രയോഗിച്ചാൽ ഫലം പരാജയമായിരിക്കും.

എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴികയില്ല എന്ന കർത്താവിന്റെ വാക്ക് നമ്മെ ഉണർത്തട്ടെ. ■

## പ്രതിമാസ ധ്യാനം

**പ്രതിമാസ ധ്യാനം ആഗസ്റ്റ് 10–ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ കത്തീഡ്രലിൽ വെച്ചു നടത്തപ്പെടും.**

*(എഡിറ്റോറിയൽ തുടർച്ച)*

മോഹങ്ങൾക്കും ഇരയായി തീരുകയും ചെയ്യുന്നു (1 തിമോ. 6:9) വി. വേദപുസ്തകത്തിൽ തെറ്റിപോകുവാനുള്ള സാധ്യതകളും, അവയിൽ അകപ്പെടാതിരിക്കാനുള്ള പരിഹാരവും നൽകിട്ടുള്ളത് നാം വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുവാനാണ്. ധനസൗകര്യം കൂടുന്ന പല കുടുംബങ്ങളിലും സൗഹൃദവും, സാഹോദര്യവും കുറയുന്നതായി കാണുന്നുണ്ട്. അതിനുള്ള പ്രധാന കാരണം പണത്തോടുള്ള ആർത്തി കാരണം കൂടെയുള്ളവരെ മറക്കുന്നു എന്നുള്ളതാണ്. ഈ അവസ്ഥക്ക് പരിഹാരമായാണ് നാം ദശാംശം കൊടുക്കണമെന്ന് പറയുന്നതും, മുസ്ലിം സമുദായംഗങ്ങൾ 'സകാത്' നൽകുന്നതും മറ്റും. പണ്ടൊക്കെ ക്ഷാമകാലങ്ങളിൽ ക്രിസ്തീയ കുടുംബങ്ങളിൽ എത്തുന്ന പാവപ്പെട്ടവർക്ക് ഭക്ഷണം സൗജന്യമായി കൊടുത്തിരുന്നത് നമുക്കറിയാം. പലരും പണം കൊടുത്തു സഹായിക്കാതെ ഭക്ഷണമായിരുന്നു കൊടുത്തിരുന്നത്. ആ നല്ല മനസ്സൊക്കെ പല കുടുംബങ്ങളിൽ നിന്നും മാഞ്ഞു പൊയ്ക്കൊണ്ടിരിക്കുകയാണ്.

നമ്മുടെ സഭയും, സഭയോടനുബന്ധിച്ചുള്ള വിവിധ സംഘടനകളും ദിവ്യകാരുണ്യപ്രവർത്തനങ്ങൾ ധാരാളം ചെയ്യുന്നുണ്ട്. സംഘടനകൾക്ക് ശരിയും തെറ്റും എളുപ്പത്തിൽ കണ്ടുപിടിക്കുവാനും ആവശ്യക്കാരെ തിരിച്ചറിയുവാനുമുള്ള സൗകര്യത്തെ കൂടുതലുണ്ട് . ഇങ്ങിനെയുള്ള കാര്യങ്ങളിൽ സഹകരിക്കുവാൻ മടികാണിക്കാതെ മുന്നോട്ടുവരേണ്ടിയിരിക്കുന്നു. ഇപ്പോൾ വിദ്യാഭ്യാസത്തിനും, ചികിത്സക്കുമൊക്കെ വളരെ കൂടുതൽ തുക ആവശ്യമായതുകൊണ്ട് ആവശ്യക്കാർക്ക് കൂടുതൽ പ്രയോജനവും ഈ വിധ സഹായമായിരിക്കും. ■




Editorial Board : K.K. George (94470 40484), Mathew Koshy, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490





# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 12 ISSUE : 08 August 2018

## എഡിറ്റോറിയൽ

### പണത്തോടുള്ള ആർത്തി

ധനവാൻ ദൈവാശ്രയത്തിൽ ജീവിക്കുവാൻ ശ്രമിക്കുകയില്ല എന്നുള്ള മുൻവിധിയുടെ ആവശ്യമില്ല. സൽപ്രവർത്തികൾ ചെയ്ത് ദൈവമക്കളായി കഴിയുന്നവർ ധാരാളമുണ്ടല്ലോ. അതിനായി ശ്രമിക്കണമെന്ന് അവർ നിശ്ചയിച്ചാൽ സാധിക്കും. പണമുണ്ടെങ്കിൽ എന്തും നേടാമെന്നുള്ള വിചാരം പാടില്ലെന്ന് മാത്രം.

അമേരിക്കയിലെ കാലിഫോർണിയയിൽ സ്വർണ്ണം കുഴിച്ചെടുക്കുവാൻ പല സ്ഥലങ്ങളിൽ നിന്നും ആളുകൾ പോയിരുന്ന ഒരു കാലമുണ്ടായിരുന്നു. ഒരിക്കൽ അങ്ങിനെ സ്വരൂപിച്ച സ്വർണ്ണവുമായി മിസ്സിസിപ്പി നദിയിലൂടെ ഒരു കപ്പൽ നിറയെ യാത്രക്കാർ സഞ്ചരിക്കുകയായിരുന്നു. പെട്ടെന്ന് കൊടുംകാറ്റടിക്കുകയും കപ്പൽ മുങ്ങാൻ തുടങ്ങുകയും ചെയ്തു. ആളുകളെല്ലാം പുറംകോട്ടുകൾ സഹിതം എല്ലാം ഉപേക്ഷിച്ച് കടലിൽ ചാടി നീന്തി രക്ഷപ്പെടുവാൻ ശ്രമിച്ചു. എന്നാൽ അവരിലൊരാൾ ആ സമയം കാബിനിൽ ഉപേക്ഷിച്ച സ്വർണ്ണം ശേഖരിച്ച് ശരീരത്തിൽ അരക്കു താഴെ കെട്ടിവയ്ക്കുകയായിരുന്നു. ബാക്കിയെല്ലാവരും കപ്പലിൽ നിന്ന് ചാടി രക്ഷപ്പെട്ട് കഴിഞ്ഞ് അയാൾ മുങ്ങിക്കൊണ്ടിരുന്ന കപ്പലിൽ നിന്ന് പുറത്തു ചാടി നീന്താൻ ശ്രമിച്ചു. എന്നാൽ ശരീരത്തിൽ കെട്ടിവെച്ചിരുന്ന സ്വർണ്ണത്തിന്റെ ഭാരം കൊണ്ട് അയാൾ നദിയിൽ മുങ്ങി മരിക്കയാണുണ്ടായത്. എല്ലാവരും ജീവൻ രക്ഷിക്കുവാൻ ശ്രമിച്ചപ്പോൾ സ്വത്ത് സമ്പാദിക്കുവാൻ കാട്ടിയ ഉത്സാഹത്തിന്റെ സമ്മാനം.

മനുഷ്യന് വേണ്ട എല്ലാ കാര്യങ്ങൾക്കും ദൈവം ഒരു പരിധി നിശ്ചയിച്ചു തന്നിട്ടുണ്ട്. വേവലാതിപ്പെട്ട് അതിനുപരി വസ്തുക്കൾ ശേഖരിക്കേണ്ടതില്ല. 'നമുക്കാവശ്യമുള്ള അപ്പം ഞങ്ങൾക്കു തരേണമേ' എന്നാണല്ലോ കർത്താവ് പഠിപ്പിച്ചിട്ടുള്ളത്. വേണ്ടതിൽ കൂടുതൽ സമ്പാദിക്കുവാൻ ദൈവം ചിലർക്ക് സൗകര്യം കൊടുക്കും. അത് കഴിവില്ലാത്ത മറ്റുള്ളവരെ സഹായിക്കുവാനാണെന്നുള്ള ദൈവേഷ്ടം മനസ്സിലാക്കാൻ സാധിക്കണം.

മഹാനായിരുന്ന അലക്സാണ്ടർ ചക്രവർത്തി മരിച്ചപ്പോൾ അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം രണ്ടുകൈകളും വിടർത്തി ശവപ്പെട്ടിക്കു വെളിയിലേക്ക് എല്ലാവരും കാണുവാൻ തക്കവണ്ണം പ്രദർശിപ്പിച്ചിരുന്നു. ലോകം വെട്ടിപിടിച്ചിട്ടും ഒന്നും കൊണ്ടുപോകുന്നില്ലെന്ന് കാണികൾ മനസ്സിലാക്കുവാനായിരുന്നു അത്. ദൈവാശ്രയവും, നല്ലൊരു മനസ്സുമുള്ളവർ എത്ര സ്വത്തു സമ്പാദിച്ചാലും അത് കുഴപ്പമില്ല. എങ്ങിനെ ചെലവാക്കണമെന്ന് ദൈവം കാണിച്ചുതരും.

ധനികന്മാരാകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കെണിയിലും കുടുങ്ങുകയും മൗഢ്യവും ദോഷകരവുമായ പല

*(ശേഷം 4–ാം പേജിൽ)*

## ഇടയ ലേഖനം

### ദൈവത്തിൽ ശരണപ്പെടുക

**ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത**



ഹോശയാ 6:1 വരുവിൻ നാം യഹോവയുടെ അടുക്കലേക്കു ചെല്ലുക. അവൻ നമ്മെ കടിച്ചുകീറിയിരിക്കുന്നു...അവൻ നമ്മെ അടിച്ചിരിക്കുന്നു.; അവൻ മുറിവ് കെട്ടും.

ജനസഞ്ചയത്തിൽ അകൃത്യം പെരുകുകയും, അനർത്ഥങ്ങളുണ്ടാവുകയും ചെയ്യുമ്പോൾ, രണ്ടു സംഗതികൾക്ക് പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു. ഒന്ന്, സമൂഹഗാത്രത്തിൽ നിന്ന് അശുദ്ധിയും, അത്യാചാരങ്ങളും, വിദ്വേഷവും നീങ്ങണം. രണ്ട്, സത്യമായ അനുതാപത്തോടും നിലവിളിയോടും കൂടെ യഹോവയുടെ അടുത്തേക്ക് ചെല്ലണം. അത് മാത്രമേ നമുക്ക് ആശ്രയമായുള്ളൂ.

ഒന്ന്, അകൃത്യങ്ങൾ തിരിച്ചറിഞ്ഞ് അവയെ പിഴുതെറിയുന്നതാണ്. കാലാകാലങ്ങളിൽ സമൂഹങ്ങളിൽ തിന്മയുടെ ഇത്തിൾക്കണ്ണികളും, തുരുമ്പും, പുഴുക്കുത്തുമുണ്ടാവുക സ്വാഭാവികമാണ്. എന്നാൽ അവയ്ക്ക് ന്യായീകരണവും വിശദീകരണവും നടത്തി, കൂടുതൽ വഷളാക്കാതെ, തിന്മ എന്ത്, എവിടെ, എന്ന് മനസ്സിലാക്കി, അത് ഉന്മൂലനം ചെയേണ്ടിയിരിക്കുന്നു. തിന്മ വഴിമാറാതെ ദൈവാനുഗ്രഹം ഉണ്ടാവുക അസാദ്ധ്യം. യഹോവ, കയീനോട് പറയുന്ന വാക്കുകൾ ശ്രദ്ധേയമാണ് : നീ കോപിക്കുന്നതെന്തിന്? നിന്റെ മുഖം വാടുന്നതും എന്ത്? നീ നന്മ ചെയ്യുന്നു എങ്കിൽ പ്രസാദമുണ്ടാകുകയില്ലയോ? നീ നന്മ ചെയ്യുന്നില്ലെങ്കിലോ പാപം വാതിൽക്കൽ കിടക്കുന്നു.; അതിന്റെ ആഗ്രഹം നിങ്കലേക്കാകുന്നു. നീയോ അതിനെ കീഴടക്കേണം (ഉല്പ.4:6–7).

തിന്മ നീക്കാൻ, നൊടുക്കു വിദ്യകളൊന്നുമില്ല. അതിനായി ബോധപൂർവ്വം ശ്രമിക്കേണ്ടതാണ്. ഈ പ്രക്രിയയിൽ, ചിലപ്പോൾ അല്പം നൊമ്പരമുണ്ടായേക്കാം. സാരമില്ല. തിന്മ നിലനിൽക്കുന്ന സമൂഹം ജീർണ്ണിച്ചതായിരിക്കും.

രണ്ടാമത്, യഥാർത്ഥ മനസ്താപത്തോടെ, സകലവും അറിയുന്ന ദൈവത്തിന്റെ അടുത്തേക്ക്, പ്രത്യാശയോടെ അടുത്തു ചെല്ലണം. സകല അകൃത്യവും പോക്കി, നമ്മെ വീണ്ടെടുക്കാൻ കഴിവും സന്മനസ്സും ഉള്ളവനാണ് ദൈവം. ദൈവബന്ധം യാന്ത്രികമായി, ഒരു കൂത്തുകാഴ്ചയായി അധഃപതിക്കുന്ന ഇടങ്ങളിൽ, ഈശ്വര ചൈതന്യം അനർത്ഥങ്ങൾക്ക് വഴി മാറുന്നു. കൂടുതൽ പ്രശ്നങ്ങളുണ്ടാകുമ്പോൾ, കൂടുതൽ ഉപവാസവും, പ്രാർത്ഥനയും, അനുതാപവും വേണ്ടിയിരിക്കുന്നു. ഇത്തരം സാഹചര്യങ്ങൾ നേരിടേണ്ടത്, പതിവ് ശൈലിയിലല്ല. അസാധാരണ സാഹചര്യങ്ങൾ അസാധാരണ പ്രതികരണങ്ങൾ ആവശ്യപ്പെടുന്നു. ദൈവകൃപ, ഏതു വലിയ പ്രതിബന്ധത്തെയും നീക്കാൻ പോരുന്നതാ

*(ശേഷം 4–ാം പേജിൽ)*

## വികാരിയുടെ കത്ത്

# വി. കുമ്പസാരം

ഫാ. ബിജു എബി മാത്യൂസ്



**വി.** സഭയുടെ അടിസ്ഥാന കൂദാശകളിൽ ഒന്നായ വി. കുമ്പസാരം ഇന്ന് ചോദ്യം ചെയ്യപ്പെടുകയാണ്. ചില ആശയങ്ങൾ പങ്കു വെയ്ക്കുവാൻ ദൈവത്തിൽ ശരണപ്പെടുകയാണ്.

വി.കുമ്പസാരം എന്നാൽ കുറവുകൾ ഏറ്റുപറയുക എന്ന ചിന്തയിൽ മാത്രം നിന്നുകൊണ്ടാണ് പലരും അഭിപ്രായ പ്രകടനങ്ങൾ നടത്തുന്നത്. വി. കുമ്പസാരത്തിന് വ്യത്യസ്തമായ തലങ്ങൾ ഉണ്ടെന്ന് നാം തിരിച്ചറിയണം.

പാപബോധം, അനുതാപം, പാശ്ചാത്താപം, മാനസാന്തരം, ഏറ്റുപറച്ചിൽ, പ്രായശ്ചിത്തം, ഉപദേശങ്ങൾ, പാപക്ഷമ, പുതിയ തീരുമാനങ്ങൾ എന്നിവ വി. കുമ്പസാരത്തിന്റെ വിവിധ തലങ്ങളാണ്. ഇവ പൂർണ്ണമായി തീരുന്നിടത്താണ് വി. കുമ്പസാരം പൂർണ്ണതയെ പ്രാപിക്കുന്നത്.

ഇതിൽ പാപക്ഷമ എന്നത് പൗരോഹിത്യാധികാരത്തിൽ ഉൾപ്പെട്ടിരിക്കുന്നു എന്ന് വി. വേദപുസ്തകം സാക്ഷ്യപ്പെടുത്തുന്നു. നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും. (മത്താ.18:18) (യോഹ.20:23) പാപമോചനത്തിനായി ക്രിസ്തു തന്നെ സ്ഥാപിച്ച കൂദാശയാണിത്. കുളിച്ചിരിക്കുന്നവന് കാലുകൾ കഴുകിയാൽ മതി. എന്ന് ക്രിസ്തു കൽപ്പിക്കുമ്പോൾ മാമ്മോദീസായുടെ തുടർച്ചയായി വി. കുമ്പസാരത്തിന്റെ പ്രാധാന്യം എടുത്തു കാണിക്കുകയാണ്. മാമ്മോദീസക്കുശേഷം ഒരു വ്യക്തി സ്വാതന്ത്ര്യ ബുദ്ധി മൂലമോ, സാത്താന്റെ പ്രേരണ മൂലമോ പാപം ചെയ്യുമ്പോൾ ആ പാപത്തിൽ നിന്ന് മോചനം ലഭിക്കുവാൻ വി. കുമ്പസാരം മൂലം സാധ്യമാകണം.

നമുക്ക് പാപം ഇല്ലാ എന്ന് നാം പറയുന്നു എങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു. സത്യം നമ്മിൽ ഇല്ലാതെയായി. എന്നാൽ നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു, സകല അനീതിയും പോക്കി നമ്മെ ശുദ്ധികരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു(1 യോഹ.1:9). ദൈവം മനുഷ്യ വർഗ്ഗത്തോടുള്ള തന്റെ അനന്തമായ സ്നേഹവും കാരുണ്യവും പ്രകടിപ്പിക്കുന്നതിനുവേണ്ടി സ്ഥാപിച്ച ഏറ്റവും മനോഹരമായ കൂദാശകളിലൊന്നാണ് കുമ്പസാരം. മനുഷ്യന്റെ പാപം മൂലം മൂന്ന് ബന്ധങ്ങളിലാണ് ഉലച്ചിൽ ഭവിക്കുന്നത് 1. മനുഷ്യൻ തന്നോട് തന്നെയുള്ള ബന്ധത്തിൽ 2. സഭയുമായുള്ള ബന്ധത്തിൽ 3. ദൈവവുമായുള്ള ബന്ധത്തിൽ. അനുരഞ്ജനം പൂർണ്ണമാകണമെങ്കിൽ അത് ഈ മൂന്ന് തലങ്ങളെയും സ്പർശിക്കണം. പാപമോചനം വഴി സാധിക്കുന്നത് വിച്ഛേദിക്കപ്പെട്ട ഈ മൂന്ന് ബന്ധങ്ങളുടേയും പുനഃസ്താപനമാകുന്നു.

സഭാ സമൂഹത്തിന്റെ ഔദ്യോഗിക പ്രതിനിധി എന്ന നിലയിൽ വൈദീകനോട് പാപങ്ങൾ ഏറ്റുപറയുന്നു. അദ്ദേഹം ദൈവീക പ്രതിനിധി കൂടി ആകയാൽ ദൈവവുമായുള്ള രമ്യതപ്പെടലും ഇതുവഴി സാധ്യമാക്കുന്നു. പാപത്തിന്റെ ബന്ധനത്തിൽ നിന്ന് വ്യക്തിയെ മോചിപ്പിച്ചു ആന്തരിക സമാധാനം പുനഃസ്ഥാപിച്ചു രക്ഷയ്ക്ക് പാത്രീഭൂതനാക്കുവാൻ പുരോഹിതന് അധികാരമുള്ളതിനാൽ കുമ്പസാരം വഴി തന്നോട് തന്നെയും രമ്യതപ്പെടുന്നതിന് സാധിക്കുന്നു.

നിത്യശിക്ഷയിൽപ്പെടാതെ നിത്യജീവൻ പ്രാപിക്കണമെങ്കിൽ ക്രിസ്തുവിന്റെ പ്രമാണങ്ങളെ യഥാവിധി ആചരിക്കണം ആയതിനു നമുക്ക് സ്വയമേവ ശക്തിയില്ല. എന്നാൽ ക്രിസ്തു ഏർപ്പെടുത്തിയിരിക്കുന്ന കൂദാശകളെ യഥാവസരം അനുഷ്ഠിച്ചു അതിലെ കൃപയിൽ ആശ്രയിച്ച് ജീവിക്കുമ്പോൾ നമുക്ക് പ്രാപ്തി കിട്ടുന്നു. തൻനിമിത്തം തെറ്റുകളെ പരിത്യജിക്കുന്നതിനും, നീതിയായിട്ടുള്ള സൽകർമ്മങ്ങളെ പരിപാലിക്കുന്നതിനും നാം ശക്തരായിത്തീരും.

വിശ്വാസ സിദ്ധാന്തങ്ങളാലും കർത്തവ്യങ്ങളാലും നമുക്ക് പ്രകാശനം സിദ്ധിക്കുകയും അതിനാൽ കല്പനകളെല്ലാം യഥാവിധി കാക്കുവാൻ ശക്തി ലഭിക്കുകയും ചെയ്യും. എന്നാൽ അവയില്ലാതിരുന്നാൽ കൽപ്പനകൾ കാക്കുവാൻ സാധിക്കാതെ നിത്യശിക്ഷയ്ക്കു പത്രമാകാവുന്നതാകുന്നു. ഈ സംഗതിയിൽ നാം സശ്രദ്ധം സൂക്ഷിക്കേണ്ടതാകുന്നു . ■

## നിര്യാതരായി

**എ**റണാകുളം മാർക്കറ്റ് റോഡ് കോമ്പാറ കോലടിയിൽ **സാം ജെയിംസ്** (46) 11-07-2018 ൽ നിര്യാതനായി. 12-07-2018 ന് ചിറ്റൂർ റോഡ് സെമിത്തേരിയിൽ അടക്കം ചെയ്തു.



**പാ**ലാരിവട്ടം നേതാജി റോഡ് കല്ലത്ത് ദീപം **അച്ചാമ്മ കോര** (65) 26-07-2018 ൽ നിര്യാതയായി. 27-07-2018 ന് ചിറ്റൂർ റോഡ് സെമിത്തേരിയിൽ അടക്കം ചെയ്തു.



**പ**നമ്പിള്ളി നഗർ ജി 259 ൽ **കുരുവിള വർഗീസ്** (79) 23-07-2018 ൽ നിര്യാതനായി. 27-07-2018 ന് കുളനട ഉള്ളന്നൂർ സെന്റ് മേരീസ് പള്ളിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*

## വി. കുർബ്ബാന സമയം

| | |
|---|---|
| എളംകുളം ചാപ്പൽ: | Aug 12 - 07.00 am, Aug 19 - 10.00 am, |
| | Aug 26 - 07.00 am, Sep 02 - 10.00 am, |
| സെമിത്തേരിമുക്ക് ചാപ്പൽ: | Aug 19 - 07.30 am, Sep 02 - 07.30 am, |
| | **എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am** |

## വിശേഷ ദിവസങ്ങൾ

**ഓഗസ്ററ്**

1 ബുധൻ ശൂനനോയോ നോമ്പ് (15 നോമ്പ്) ആരംഭം
6 തിങ്കൾ കൂടാരപ്പെരുന്നാൾ (കർത്താവിന്റെ മറുരൂപപ്പെരുന്നാൾ)
15 ബുധൻ 15 നോമ്പ് വീടൽ വി. ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ
19 ഞായർ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തയുടെ 27-ാം ഓർമ്മ (മുളക്കുളം കർമ്മേൽ കുന്ന്പള്ളി)

**സെപ്റ്റംബർ**

1 ശനി എട്ടുനോമ്പ് ആരംഭം
2 ഞായർ മദ്ധ്യസ്ഥ പ്രാർത്ഥന ദിനം

**ഇംഗ്ലീഷ് വി. കുർബ്ബാന**

എല്ലാ ഞായറാഴ്ചയും സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വി. കുർബ്ബാന ഇംഗ്ലീഷിൽ, വൈകുന്നേരം 5.30 ന്





## ഗുരുരത്നം പദവി നേടിയ ബഹു. ജോഷ്വാച്ചനെ ആദരിക്കുന്നു







**മ**ലങ്കര ഓർത്തോഡോക്സ് സഭ ഗുരുരത്നം പദവി നൽകി ആദരിച്ച ബഹു. ജോഷ്വാച്ചനെ, പൊന്നാട നൽകി സ്വീകരിക്കുന്നു. 2018 ജൂലൈ 29 ന് നടത്തപ്പെട്ട സംയുക്ത പ്രാർത്ഥനായോഗത്തിൽ ഗുരുരത്നം റവ.ഫാ.ഡോ. ടി ജെ ജോഷ്വാ മുഖ്യപ്രഭാഷണം നടത്തി.

## ഫാമിലി അസ്സോസിയേഷൻ മീറ്റിങ്ങ്



**21**-07-2018 ശനിയാഴ്ച 2.30 ന് കത്തീഡ്രലിൽ നടന്ന അസോസ്സിയേഷൻ മീറ്റിംഗിൽ വചന പ്രഭാഷണം നടത്തിയത് Rev. Fr. ജോസഫ് പുത്തൻപുരക്കലായിരുന്നു. ബഹുമാനപ്പെട്ട ജോസഫ് പുത്തൻ പുരക്കലച്ചൻ തിരുവനന്തപുരം കപ്പൂച്ചിൻ ആശ്രമത്തിന്റെ ഡയറക്ടർ സ്ഥാനം വഹിക്കുന്നു.

## മാമോദീസ

**വ**ടുതല ഉദയഞ്ചേരിൽ ശ്രീ. റിജു നിർമ്മൽ ജോസിന്റെയും ശ്രീമതി ഒഫിലിയ റിജുവിന്റെയും മകൾ **എലിസബത്ത്** (**Shriya Nirmal Jose**) 14-07- 2018 ൽ മാമോദീസ സ്വീകരിച്ചു.

**എ**റണാകുളം കോമ്പാറ 3 സി ലിങ്ക് മാനർ, ആശാരേത്ത് ശ്രീ. അജീഷ് കുര്യൻ വർഗീസിന്റെയും ശ്രീമതി അൻപു സൂസൻ വർഗീസിന്റെയും മകൾ **മറിയം** (**Riana Vargheese**) 29-07-2018 ൽ മാമോദീസ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു*

## വിവാഹം

**ക**ടവന്ത്ര അഞ്ചേരിൽ വില്ല 17 സ്കൈലൈൻ റോസ് മൗണ്ട് ശ്രീ. മാത്യു പീറ്ററിന്റെയും ശ്രീമതി സൂസി പീറ്ററിന്റെയും മകൻ **മണിക്ക് പീറ്ററും**, കടവന്ത്ര പള്ളിക്കമണ്ണിൽ പരേതനായ ശ്രീ. റോയ് മാത്യു ജോസഫിന്റെയും ശ്രീമതി ബീന റോയ് മാത്യു ജോസഫിന്റെയും മകൾ **ശ്രുതി അച്ചാ മാത്യുവും** തമ്മിലുള്ള വിവാഹം 16-07-2018 ന് അഭിവന്ദ്യ ഡോ.യാക്കോബ് മാർ ഐറേനിയോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ നടന്നു.

**ക**ടവന്ത്ര അഞ്ചേരിൽ വില്ല 17 സ്കൈലൈൻ റോസ് മൗണ്ട് ശ്രീ. മാത്യു പീറ്ററിന്റെയും ശ്രീമതി സൂസി പീറ്ററിന്റെയും മകൻ **മൊണിക്ക് പീറ്ററും**, ഇടപ്പള്ളി കുഴിയിൽ ലൂക്സ് വില്ലയിൽ ശ്രീ. ലൂക്കോസ് ഡാനിയലിന്റെയും ശ്രീമതി ആനന്ദം ലൂക്കിന്റെയും മകൾ **റേച്ചൽ ലൂക്കും** തമ്മിലുള്ള വിവാഹം 15-07-2018 ന് അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ നടന്നു. *വധുവരന്മാർക്ക് മംഗളാശംസകൾ*

## വാങ്ങിപ്പു പെരുന്നാൾ

**പ**രിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാൾ ആഗസ്റ്റ് 14, 15 (ചൊവ്വ, ബുധൻ) തീയതികളിൽ പൂർവ്വാധികം ഭംഗിയായി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. 14-ാം തീയതി വൈകിട്ട് 6 മണിക്ക് സന്ധ്യാനമസ്കാരം, തുടർന്ന് ധ്യാനപ്രസംഗം, പ്രദക്ഷിണം, 15-ാം തീയതി രാവിലെ 6.45 ന് വിശുദ്ധ കുർബ്ബാനയും തുടർന്ന് റാസ ആശിർവ്വാദം, കൈമുത്ത്, നേർച്ചവിളമ്പ്, പ്രഭാത ഭക്ഷണം എന്നിവ ഉണ്ടായിരിക്കും. ഏവരും പ്രാർത്ഥനാപൂർവ്വം നേർച്ചകാഴ്ചകളോടെ പരിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട് പെരുന്നാൾ ശുശ്രൂഷയിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## OCYM SHISHUBAVAN VISIT



**W**e the members of OCYM St.Marys Orthodox Cathedral along with Rev. Fr Jiju Varghese and family visited Nirmala Shishubavan (Missionary of Charity) on 15 july at 3.30pm and we could interact with the kids. There were almost 35 kids of 3 to 5 age and 10 kids below 1 year. We were able to give them colouring books, colour pencils and pencil boxes. We thank Rev. Fr. Jiju Varghese for all his help and support.

## മെത്രാപ്പോലീത്താ സ്ഥാനാരോഹണ സിൽവർ ജൂബിലി

**ന**മ്മുടെ ഇടവക മെത്രാപ്പോലീത്ത അഭി. യാക്കോബ് മാർ ഐറേനിയോസ് തിരുമേനിയുടെ, മെത്രാപ്പോലീത്ത സ്ഥാനാരോഹണത്തിന്റെ ഇരുപത്തഞ്ചാം വാർഷികം 2018 സെപ്റ്റംബർ 9-ാം തീയതി ഞായാറാഴ്ച ഉച്ചക്ക് 3 മണിക്ക് വൈറ്റില ടോക് എച്ച് സ്കൂൾ ഓഡിറ്റോറിയത്തിൽ നടത്തപ്പെടുന്നതാണ്. പ്രസ്തുത മീറ്റിങ്ങിൽ പരി. കാതോലിക്കാ ബാവ തിരുമനസ്സുകൊണ്ട് അദ്ധ്യക്ഷത വഹിക്കുന്നതും, ബഹുമാനപ്പെട്ട സുപ്രീം കോടതി ജഡ്ജി ജസ്റ്റീസ് ശ്രീ. കുര്യൻ ജോസഫ് സമ്മേളനം ഉത്ഘാടനം ചെയ്യുന്നതുമാണ്. മുഖ്യ സന്ദേശം കേന്ദ്ര മന്ത്രി ശ്രീ. അൽഫോൻസ് ജോസഫ് കണ്ണന്താനം നിർവ്വഹിക്കുന്നതും, കൂടാതെ മറ്റു സഭാ, സാമുദായിക, സാംസ്ക്കാരിക, രാഷ്ട്രീയ നേതാക്കൾ ആശംസകൾ അർപ്പിക്കുന്നതുമാണ്. ഏവരുടെയും പ്രാർത്ഥനാപൂർവ്വമായ സാന്നിദ്ധ്യ സഹകരണം അഭ്യർത്ഥിക്കുന്നു.

കൂടാതെ അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമനസ്സിന്റെ മഹാപൗരോഹിത്യ രജത ജൂബിലിയോടനുബന്ധിച്ച് നമ്മുടെ ഭദ്രാസനാടിസ്ഥാനത്തിൽ സണ്ടേ സ്കൂളിന്റേയും, യുവജന പ്രസ്ഥാനത്തിന്റേയും സഹകരണത്തോടെ ഉപന്യാസ മത്സരവും, ജൂബിലി ഗാന രചനാ മത്സരവും നടത്തുവാൻ നിശ്ചയിച്ചിരിക്കയാണ്. താല്പര്യമുള്ള കുഞ്ഞുങ്ങളെ ഇതിൽ സംബന്ധിപ്പിക്കുവാൻ ഉത്സാഹിക്കുകയും ചെയ്യണം.